(ഡി) 2003-04-ൽ അനുമതി ലഭിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധം-I ൽ കാണാവുന്നതാണ്. † 2004-05 വർഷത്തിൽ പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടില്ല.

ആദിവാസികൾക്ക് ഭൂമി വിതരണം

187. [956] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും ഭൂമി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ 2001 മേയ് മുതൽ നാളിതുവരെയായി സംസ്ഥാനത്താകെ എത്ര ആദിവാസി വിഭാഗക്കാർക്ക് എത്ര വീതം ഭൂമി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മുഖ്യമന്ത്രിയും, സംസ്ഥാന മന്ത്രിമാരും പങ്കെടുത്ത് ഭൂമി വിതരണമേളകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും ഈ മേളകളിൽ വച്ച് എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ച് വരുന്നു.

തുമ്പമൺ വില്ലേജ് രൂപീകരണം

188. [957] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം മണ്ഡലത്തിലെ പത്തനംതിട്ട ജില്ലയിൽപ്പെട്ട പന്തളം, തുമ്പമൺ, പന്തളം തെക്കേക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലുംപെട്ട സ്ഥലം ഡീ ലിമിറ്റ് ചെയ്ത് തുമ്പമൺ വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എന്നത്തേക്ക് തുമ്പമൺ വില്ലേജ് രൂപീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) തുമ്പമൺ വില്ലേജ് രൂപീകരിക്കുന്നതിന് തടസ്സമായിട്ടുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി ആന്റ് സി) സംസ്ഥാനത്തെ താലൂക്കുകളുടേയും വില്ലേജുകളുടേയും പുനഃസംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യം പരിശോധിക്കാനാവൂ.

ഭവന നിർമ്മാണ ബോർഡ് എടുത്തിട്ടുള്ള വായ്പ

189. [958] ശ്രീ. കെ. ബി. ഗണേഷ്കുമാർ :

" ഷിബു ബേബിജോൺ :

" ടി. എം. ജേക്കബ് :

" ആർ. ബാലകൃഷ്ണപിള്ള :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ ബോർഡ് 1991 മുതൽ 1996 വരെയും 2001 മുതൽ 2005 വരെയും ഏതെല്ലാം ഏജൻസികളിൽ നിന്ന് എന്ത് തുക കടം എടുത്തിട്ടുണ്ട് ;

(ബി) കടമെടുത്തതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നും ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണമെന്താണ് ;

(സി) കടമെടുത്ത പണത്തിൽ നിന്നും നിർമ്മിച്ച ഭവനങ്ങളും റവന്യൂ ടവറുകളും എത്രയാണ് ;

(ഡി) റവന്യൂടവറുകൾക്കായി എത്രകോടി രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ഇ) ഓരോ റവന്യൂ ടവറിനും ചെലവഴിച്ച തുകയും അതിൽനിന്നുള്ള വരുമാനവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് 1991 മുതൽ 1996 വരെയും 2001 മുതൽ 2005 വരെയും വിവിധ ഏജൻസികളിൽനിന്നും കടമെടുത്ത തുക താഴെ കൊടുത്തിരിക്കുന്ന പ്രകാരം ആണ്.

LIBRARY ARCHIVES Kerala Legislative Assembly